# സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2012

1. സെൻസസ് ജോലിക്കു പോകുമ്പോൾ നിയമന ഉത്തരവ് കൈവശം വെക്കേണ്ടതും തിരിച്ചറിയൽ കാർഡ് മറ്റുള്ളവർക്ക് കാണത്തക്കവിധം ധരിക്കേണ്ടതുമാണ് .
2. എന്യൂമറേഷൻ ബ്ലോക്കിലെ സംക്ഷിപ്ത വീട്ടുപട്ടിക ഉപയോഗിച്ച് അതിരുകളും അടയാളങ്ങളും കണ്ടെത്തുക.
3. A.H.L ലഭിച്ചു കഴിഞ്ഞാൽ ഭാഗം 3 ലെ അവസാനത്തെ കുടുംബത്തിനു താഴെയും ഭാഗം 4 ലെ അവസാനത്തെ കുടുംബത്തിനു താഴെയും ചുവന്ന മഷികൊണ്ട് വരക്കണം .
4. ലേ ഔട്ട് മാപ്പിലെ 1 എന്ന് രേഖപ്പെടുത്തിയ സ്ഥലത്തുനിന്നും വിവരശേഖരണം ആരംഭിക്കുക.
5. ലേ ഔട്ട് മാപ്പിലെ അമ്പടയാളം നോക്കി അതേ വഴി പിൻതുടരുക.
6. കുടുംബത്തിലെ അംഗമല്ലാത്ത ആളിൽ നിന്ന് വിവരങ്ങൾ തേടരുത് .
7. സെൻസസ് സമയത്ത് വീട്ടുജോലിക്കാർ , പേയിംഗ് ഗസ്റ്റുകൾ എന്നിവരെ അതേ വീട്ടിലെ അംഗങ്ങളായി കണക്കാക്കിയിട്ടുണ്ടെങ്കിൽ ഇവിടെ അവരെ വ്യത്യസ്ത കുടുംബത്തിലെ അംഗങ്ങളായി രേഖപ്പെടുത്തേണ്ടതാണ്
8. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കുടുംബനാഥൻ വീട്ടിൽ നിന്നും 6 മാസമായി വിട്ടുനിൽക്കുന്നു എങ്കിൽ അയാളുടെ വ്യക്തി വിവരങ്ങൾ കുടുംബത്തോടൊപ്പം ബ്ലോക്ക് ഡി യിൽ രേഖപ്പെടുത്തേണ്ടതില്ല.
9. സൈന്യം , അർദ്ധ സൈന്യം എന്നിവടങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരെ അവരവരുടെ കുടുംബത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ് .
10. എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയശേഷം HDD ഉത്തരം പറഞ്ഞ ആളെ കാണിക്കുകയും രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് . അതിനുശേഷം കൈപ്പറ്റ് രശീതി എഴുതിക്കൊടുക്കുക .
11. കൈപ്പറ്റ് രശീതിയുടെ ഓഫീസ് കോപ്പിയിൽ ഉത്തരം നൽകിയ വ്യക്തിയുടെ ഒപ്പോ വിരലടയാളമോ പതിപ്പിക്കുക.
12. കൈപ്പറ്റ് രശീതിയുടെ മറുവശത്ത് പ്രസ്തുത വീട്ടിലെ അംഗങ്ങളുടെ പേരും സ്ത്രീ / പുരുഷൻ എന്നിവയും എഴുതേണ്ടതാണ് .
13. പല പ്രാവശ്യവും സന്ദർശിച്ചിട്ട് ഒരു കുടുംബത്തെ കാണുവാൻ കഴിഞ്ഞില്ലെങ്കിൽ ഗൃഹനാഥന്റെ പേരും വിവരങ്ങൾ ശേഖരിക്കുവാൻ കഴിയാത്തതിന്റെ കാരണവും അടുത്ത വീടുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളും സൂപ്പർവൈസർ നിർദ്ദിഷ്ടഫോമിൽ രേഖപ്പെടുത്തേണ്ടതാണ് .
14. അതാതു ദിവസം തന്നെ ശേഖരിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ് .
15. സന്ദർശനവേളയിൽ ഏതെങ്കിലും വീട്ടുനമ്പർ തെളിഞ്ഞുകാണുന്നില്ലെങ്കിൽ സംക്ഷിപ്ത വീട്ടുപട്ടികയുടെ സഹായത്തോടെ നമ്പർ വീണ്ടും എഴുതേണ്ടതാണ് .
16. വീട്ടുനമ്പർ എഴുതുമ്പോഴും കംപ്ലീഷൻ സ്റ്റിക്കർ ഒട്ടിക്കുമ്പോഴും ഏതു സ്ഥലത്താണ് അത് ചെയ്യേണ്ടതെന്ന് ഗൃഹനാഥന്റെ അനുവാദം തേടി പ്രസ്തുത കൃത്യം നടത്തുക.
17. ഒരു എന്യൂമറേഷൻ ബ്ലോക്കിലെ വർക്ക് പൂർണ്ണമാക്കിയതിനുശേഷം മാത്രമേ അടുത്ത ബ്ലോക്കിലെ വർക്ക് തുടങ്ങാവൂ

18. A.H.L ൽ ഭാഗം 3 ലും ഭാഗം 4 ലും പുതിയവ ചേർത്തിട്ടില്ലെങ്കിൽ ആദ്യവരിയിൽ ചുവന്ന വര രേഖപ്പെടുത്തേണ്ടതാണ് .
19. ഭാഗം 2 ൽ കുടുംബത്തിനു മാത്രമേ ക്രമനമ്പർ ( കോളം 8 ലെ നമ്പർ ) കൊടുത്തിട്ടുള്ളൂ. അതായത് താമസേതര കെട്ടിടത്തിന് കുടുംബനാഥന്റെ പേരും കുടുംബത്തിന്റെ ക്രമനമ്പറും ഇല്ല . ഭാഗം 3 ൽ പുതിയ കെട്ടിടം ചേർക്കുമ്പോളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്

## എന്യൂമറേറ്റർ ഒരു ബ്ലോക്കുകഴിയുമ്പോൾ സൂപ്പർവൈസറെ ഏൽപ്പിക്കേണ്ട രേഖകൾ

1. എന്യൂമറേറ്ററുടെ സംഗ്രഹം ( 2 കോപ്പി )
2. പുതുക്കിയ ലേ ഔട്ട് മാപ്പ്
3. സംക്ഷിപ്ത വീട്ടുപട്ടിക അഥവാ A.H.L
4. മുഴുവൻ വീടുകളും സന്ദർശിച്ചു എന്നതിന്റെ സർട്ടിഫിക്കറ്റ് .
5. പൂരിപ്പിച്ച അക് നോളജ്മെൻഡ് സ്ലിപ്പുകളടങ്ങിയ പുസ്തകം
6. ഉപയോഗിക്കാത്ത പുസ്തകം

## സൂപ്പർവൈസറെ കാര്യങ്ങൾ ധരിപ്പിക്കേണ്ട സന്ദർഭങ്ങൾ

1. സംക്ഷിപ്ത വീട്ടുപട്ടികയിൽ വലിയ മാറ്റങ്ങൾ വന്നാൽ
2. പല പ്രാവശ്യവും സന്ദർശിച്ചിട്ടും ഒരു കുടുംബത്തെ കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ
3. കൈപ്പറ്റ് രശീതിയിൽ ഒപ്പിടാൻ വിസമ്മതിച്ചാൽ
4. എന്യൂമറേറ്റർക്ക് ശേഖരിച്ച വിവരങ്ങൾ ശരിയല്ലെന്ന് സംശയം തോന്നിയാൽ

## ചില ചോദ്യങ്ങളും ഉത്തരങ്ങളും

1. എന്താണ് സംക്ഷിപ്ത വീട്ടുപട്ടിക അഥവാ A.H.L ( Abridged House List ) ?
   2011 സെൻസസ് സമയത്ത് ഒരു എന്യൂമറേഷൻ ബ്ലോക്കിൽ ഉള്ള മുഴുവൻ വീടുകളുടേയും കുടുംബങ്ങളുടേയും കുടുംബനാഥന്മാരുടേയും പേർ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയാണ് സംക്ഷിപ്ത വീട്ടുപട്ടിക അഥവാ A.H.L (Abridged House List )
2. ഇതിൽ എത്ര ഭാഗങ്ങൾ ഉണ്ട് ? അവ ഏവ
   നാല് ഭാഗങ്ങൾ . ഭാഗം 1, ഭാഗം 2 , ഭാഗം 3 , ഭാഗം 4
3. എന്താണ് ഭാഗം 1 ?
   എന്യൂമറേഷൻ ബ്ലോക്കിലെ സ്ഥലസൂചനാ വിവരങ്ങളാണ് ഭാഗം 1 ൽ ഉള്ളത് .
4. എന്താണ് ഭാഗം 2 ?
   ആദ്യ സെൻസസ് വേളയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കുടുംബങ്ങളുടേയും കുടുംബനാഥന്റെ പേരും ഇതിൽ ഉണ്ട് .
5. എന്താണ് ഭാഗം 3 ?
   ആദ്യ സെൻസസ് എടുക്കുന്ന സമയത്ത് ഉണ്ടാകാത്തതും എന്നാൽ രണ്ടാം ഘട്ട സെൻസസ് സമയത്ത് സ്ഥലത്ത് ഉണ്ടായിരുന്നതും ആയ അംഗങ്ങളുടെ വിവരങ്ങളാണ് ഇതിലുള്ളത് .
6. ഭാഗം 3 ൽ വരുന്നവയെ കൈകാര്യം ചെയ്യുന്നതെങ്ങനെ ?
   ഇത്തരം സന്ദർഭത്തിൽ N.P.R ഫോമിന്റെ സ്കാൻ ചെയ്ത വിവരങ്ങൾ

ലഭ്യമായിരിക്കുകയില്ല.അതിനാൽ D.E.O സംക്ഷിപ്ത വീട്ടുപട്ടികയിലെ കോളം 8 ൽ കൊടുത്തിട്ടുള്ള കുടുംബത്തിന്റെ ക്രമനമ്പർ രേഖപ്പെടുത്തി വിവരങ്ങൾ വേറെ പട്ടികയിലാക്കി രേഖപ്പെടുത്തേണ്ടതാണ് . റിമാർക്സിൽ രേഖപ്പെടുത്തുക

7. എന്താണ് ഭാഗം 4 ?
   സെൻസസിന്റെ രണ്ടാം ഘട്ടത്തിൽ രേഖപ്പെടുത്തിയ ഭവനരഹിതരായ ആളുകളുടെ വിവരങ്ങളാണ് ഈ ഭാഗത്തിലുള്ളത് .
8. എന്താണ് N.P.R ?
   നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ എന്നതിന്റെ ചുരുക്ക രൂപമാണ് ( ദേശീയ ജനസംഖ്യാ രജിസ്റ്റർ )
9. കുടുംബാംഗങ്ങളായി കണക്കാക്കപ്പെടാത്തവർ ആരെല്ലാമാണ് ?
   * കഴിഞ്ഞ ഒരു വർഷത്തിനിടെ 6 മാസത്തിലധികം താമസിക്കാത്ത സന്ദർശകർ , അതിഥികൾ
   * വിവാഹം ജോലി എന്നിവ സംബന്ധമായി സ്ഥിരമായി വീട്ടിൽ നിന്നും താമസം മാറിപ്പോയവരും എന്നാൽ ഇടക്കിടെ മാത്രമായി വീട് സന്ദർശിക്കുന്നവർ
   * കുടുംബത്തിൽ താമസിക്കുന്നവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന വീട്ടുജോലിക്കാർ ,പേയിംഗ് ഗസ്റ്റുകൾ തുടങ്ങിയവർ
10. ആരാണ് നിരക്ഷരൻ ?
    ആറുവയസ്സാ അതിൽ താഴെയോ പ്രായം ഉള്ള കുട്ടികൾ
    എഴുതാനും വായിക്കാനും അറിയാത്തവർ / എഴുതാൻ അറിയാത്തവർ / വായിക്കാൻ മാത്രം അറിയുന്നവർ .
11. HLB യും E.B തമ്മിലുള്ള വ്യത്യാസമെന്ത് ?
    ഒരു HLB നമ്പർ 4 അക്കനമ്പർ ആയിരിക്കും . എന്നാൽ E.B യിൽ 5 അക്ക നമ്പർ ആയിരിക്കും . അതായത് ആദ്യ 4 അക്കം E.B യുടേയും അവസാന അക്കം സബ്ബ് ബ്ലോക്കിന്റേയും . എന്നാൽ ഒരു HLB യിൽ സബ് ബ്ലോക്ക് ഇല്ല എങ്കിൽ E.B യുടെ 4 അക്ക നമ്പർ തന്നെയായിരിക്കും HLB നമ്പറും .
12. ഒരു കണ്ണിനു മാത്രം കാഴ്ചയുള്ളവരെ കാഴ്ചശക്തി ഇല്ലാത്തവരായി കണക്കാക്കാമോ ?
    ഇല്ല
13. ഒരു ചെവിക്കു മാത്രം കാഴ്ചയുള്ളവരെ കേൾവിശേഷി ഇല്ലാത്തവരായി കണക്കാക്കാമോ ?
    ഇല്ല
14. ഭാഗം 3 ൽ
15. പുതിയ കുടുംബങ്ങളെ ചേർക്കുന്നതെങ്ങനെ ?
    ഭാഗം 3 ലെ അവസാന എൻട്രിക്കുശേഷം ചുവന്ന മഷികൊണ്ട് ഒരു വര വരക്കുക.
    ആദ്യത്തെ വീടിന് അടുത്ത ക്രമനമ്പർ കൊടുക്കുക.
    കോളം 2 ( HLB ) ഇതിന് ബാധകമല്ല
    3 മുതൽ 5 വരെ പൂരിപ്പിക്കുക( കെട്ടിടനമ്പർ , സെൻസസ് വീടിന്റെ നമ്പർ , സെൻസസ് വീട് ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നത് )
    കോളം 6 ( കുടുംബത്തിന്റെ നമ്പർ ഇതിന് ബാധകമല്ല
    കോളം 7 ൽ ഗൃഹനാഥന്റെ പേരെഴുതുക
    കോളം 8 കുടുംബത്തിന്റെ നമ്പർ എഴുതുക ( ഇത് HHD യിൽ തെളിയും )

കോളം 10 റിമാർക്സ് കോളം പൂരിപ്പിക്കുക
( ചുരുക്കത്തിൽ 2 , 6 ,  എന്നീകോളങ്ങൾ വേണ്ട )

16. കെട്ടിട നമ്പർ 37 ഉള്ള ഒരു കെട്ടിടത്തിൽ പുതിയ ഒരു സെൻസസ് വീട് വന്നു . അപ്പോൾ സെൻസസ് വീട്ടുനമ്പറിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുക.
ഇവിടെ,  ഇപ്പോൾ 37 കെട്ടിടനമ്പർ ഉള്ള കെട്ടിടത്തിൽ 2 സെൻസസ് വീടുകൾ ഉണ്ട് . അതിനാൽ മുൻപുണ്ടായ കുടുംബത്തിന്റെ സെൻസസ് വീട്ടുനമ്പർ 37(1) ഉം പുതിയ വീടിന്റെ സെൻസസ് വീട്ടുനമ്പർ 37 (2) ഉം ആയിരിക്കും .
17. കെട്ടിടനമ്പർ 13 ഉം 14 നും ഇടക്ക് ഒരു പുതിയ കെട്ടിടം വന്നു .അപ്പോൾ അതിന്റെ കെട്ടിടനമ്പർ , സെൻസസ് വീട്ടുനമ്പർ എന്നിവ എങ്ങനെ രേഖപ്പെടുത്താം .
കെട്ടിടനമ്പർ 13/1
സെൻസസ് വീട് നമ്പർ 13/1
18. വീട്ടുജോലിക്കാരെ പുതിയ കുടുംബമായി കണക്കാക്കണമോ ?
വേണം
19. താമസേതര ആവശ്യത്തിനുപയോഗിക്കുന്ന ഒരു പുതിയ കെട്ടിടം / സെൻസസ് വീട് കണ്ടെത്തിയാൽ എന്തുചെയ്യണം ?
ഭാഗം 3 ൽ ചേർക്കുക.ഇതിൽ കെട്ടിടനമ്പർ , സെൻസസ് വീട്ടുനമ്പർ , സെൻസസ് വീടിന്റെ ഉപയോഗം എന്നീ കോളങ്ങൾ പൂരിപ്പിക്കുക. ഗൃഹനാഥന്റെ പേർ , കുടുബത്തിന്റെ ക്രമനമ്പർ എന്നിവ ( കോളം 7, 8 ) പൂരിപ്പിക്കേണ്ടതില്ല.

## സെൻസസ്സുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ

1. N.P.R = National Population Register ( ദേശീയ ജനസംഖ്യാ രജിസ്റ്റർ )
2. D.E.O = Data Entry Operator ( ടാബ്‌ലറ്റ് പി സി കൈകാര്യം ചെയ്യുന്ന വ്യക്തി)
3. A.H.L = Abridged House List (  സംക്ഷിപ്ത വീട്ടുപട്ടിക)
4. E.B = Enumeration Block
5. HDD  = Hand Held Device ( ടാബ്‌ലറ്റ് പി സി )
6. HH = House Hold ( കുടുംബം)
7. HLB = House Listing Block ( വീട്ടു പട്ടികാ ബ്ലോക്ക് )
8. House Less Households = ഭവന രഹിത കുടുംബം

## ഭാഗം 2 ൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിൽ എന്തുചെയ്യണം ?

*9 സാഹചര്യങ്ങൾ*

1. ഭാഗം 2 ൽ പറഞ്ഞ ഒരു  കുടുംബം അവർ താമസിച്ചിരുന്ന സെൻസസ് വീടോ അതിന്റെ ഭാഗമോ ഒഴിഞ്ഞുപോകുകയാണെങ്കിൽ എന്തുചെയ്യണം ?
ഭാഗം 2 ൽ ആ കുടുംബത്തെ സംബന്ധിച്ച് 5 മുതൽ 8 വരെയുള്ള കോളത്തിൽ രേഖപ്പെടുത്തിയവ വെട്ടിക്കളയുക. കോളം 9 ൽ സന്ദർശന തിയ്യതി രേഖപ്പെടുത്തുക.
കോളം 10 ൽ ( റിമാർക്സിൽ )  കുടുംബം ഒഴിഞ്ഞുപോയി എന്ന് എഴുതുക.

2. ഭാഗം 2 ൽ പറഞ്ഞ ഒരു കെട്ടിടം അല്ലെങ്കിൽ സെൻസസ് വീട് ഇപ്പോൾ നിലവിലില്ല . എന്തുചെയ്യണം ?
   ഭാഗം 2 ൽ ആ കെട്ടിടം അഥവാ സെൻസസ് വീടിനെ സംബന്ധിച്ച ( കോളം 3 മുതൽ 8 വരെ ) എല്ലാ വിവരങ്ങളും വെട്ടിക്കളയുക. കോളം 9 ൽ തിയ്യതി രേഖപ്പെടുത്തി റിമാർക്സിൽ കാരണം ( കുടുംബം ഒഴിഞ്ഞു പോയി ) രേഖപ്പെടുത്തുക.
3. ഭാഗം 2 ൽ പറഞ്ഞ കുടുംബം ഒഴിഞ്ഞു പോയി അതിന്റെ സ്ഥാനത്ത് പുതിയ കുടുംബം വന്നുചേർന്നു . എന്തുചെയ്യണം ?
   ഭാഗം 2 ലെ ഏഴാം കോളത്തിലെ കുടുംബനാഥന്റെ പേരുമാറ്റുക . പുതിയ കുടുംബം വന്ന കാര്യം റിമാർക്സിൽ രേഖപ്പെടുത്തുക.
4. ഭാഗം 2 ൽ പറഞ്ഞ സെൻസസ് വീടിന്റെ ഉപയോഗം മാറി .എന്തുചെയ്യണം ?
   ഭാഗം 2 ലെ കോളം 5 ൽ രേഖപ്പെടുത്തിയത് വെട്ടിക്കളഞ്ഞ് ആ സെൻസസ് വീടിന്റെ ഇപ്പോഴത്തെ ഉപയോഗം രേഖപ്പെടുത്തുക. റിമാർക്സിൽ കാരണം രേഖപ്പെടുത്തുക.
5. ഭാഗം 2 ലെ കുടുംബനാഥൻ മാറി . എന്തുചെയ്യണം ?
   ഭാഗം 2 ലെ കോളം 7 ൽ കുടുംബനാഥന്റെ പേര് വെട്ടിക്കളഞ്ഞ ശേഷം ഇപ്പോഴത്തെ കുടുംബനാഥന്റെ പേര് രേഖപ്പെടുത്തുക.
6. ഭാഗം 2 ലെ ഒഴിഞ്ഞുകിടന്നതോ താമസേതര ഉപയോഗത്തിലുള്ളതോ ആയ സെൻസസ് വീട്ടിലേക്ക് ഒരു പുതിയ കുടുംബം വന്നു . എന്തു ചെയ്യണം ?
   ഭാഗം 2 ൽ കോളം4 മുതൽ 8 വരെയുള്ള കോളത്തിൽ രേഖപ്പെടുത്തിയവ വെട്ടിക്കളയുക. കോളം 9 പൂരിപ്പിക്കുക. റിമാർക്സിൽ കാരണവും തുടർച്ചയും രേഖപ്പെടുത്തുക( താമസമുള്ളതിനാൽ ഭാഗം 3 ലെ ക്രമനമ്പർ .....കാണുക)
   ഭാഗം 3 ൽ പുതിയ കുടുംബത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുക.ഷേഡ് ചെയ്ത കോളങ്ങളിൽ ഒന്നും തന്നെ രേഖപ്പെടുത്തേണ്ടതില്ല. റിമാർക്സിൽ പുതിയ കുടുംബം എന്ന കാര്യം രേഖപ്പെടുത്തുക.
7. ഭാഗം 2 ൽ ഉൾപ്പെടാത്ത ഒരു പുതിയകെട്ടിടം എന്യൂമറേറ്റർ ബ്ലോക്കിന്റെ അതിർത്തിയിൽ വന്നു . എന്തുചെയ്യണം ?
   പുതിയ കുടുംബത്തെകുറിച്ചുള്ള വിവരങ്ങൾ ഭാഗം 3 ൽ രേഖപ്പെടുത്തുക. കെട്ടിടനമ്പർ സ്ലാഷ് ഇട്ട് ചേർക്കുക ( കെട്ടിടനമ്പർ 13 നും 14 നും ഇടക്കാണ് പുതിയ വീടെങ്കിൽ 13/1 എന്ന് കൊടുക്കുക)
8. ഭാഗം 2 ൽ പറഞ്ഞ കെട്ടിടത്തിൽ പുതിയ സെൻസസ് വീട് വന്നു.എന്ത് ചെയ്യണം ?
   ഭാഗം 2 ൽ റിമാർക്സിൽ പുതിയ സെൻസസ് വീട് വന്ന കാര്യം രേഖപ്പെടുത്തുക. ഭാഗം 3 ലെ .... ക്രമനമ്പർ നോക്കേണ്ട കാര്യവും എഴുതുക. തുടർന്ന് കോളം 4 ൽ സെൻസസ് വീട്ടുനമ്പർ അനുയോജ്യമായ വിധം രേഖപ്പെടുത്തുക.
   ഭാഗം 3 പുതിയ സെൻസസ് വീടിനെക്കുറിച്ചുള്ള കാര്യങ്ങൾ എഴുതുക
9. ആൾതാമസമുള്ള ഒരു സെൻസസ് വീട്ടിലേക്ക് ഒരു പുതിയ കുടുംബം വന്നുചേർന്നു.അല്ലെങ്കിൽ നിലവിലുള്ള കുടുംബം വേർപിരിഞ്ഞശേഷം അതേ സെൻസസ് വീട്ടിൽ താമസിക്കുന്നു. എന്തുചെയ്യണം ?
   ഭാഗം 2 ൽ താമസമുള്ള സെൻസസ് വീടിന്റെ റിമാർക്സ് കോളത്തിൽ മറ്റൊരു കുടുംബം വന്നുചേർന്ന കാര്യവും ഭാഗം 3 ലെ ..... ക്രമനമ്പർ നോക്കേണ്ട കാര്യവും സൂചിപ്പിക്കുക
   ഭാഗം 3 പുതിയ സെൻസസ് കുടുംബത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചേർക്കുക.